| | | ഗുണഭോക്താക്കൾ | ചെലവാക്കിയ സംഖ്യ (ലക്ഷം) |
|---|---|---|---|
| 1. | കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പ | 434 | 53.39 |
| 2. | വിദേശത്തു തൊഴിൽ സമ്പാദിക്കുന്നതിനുള്ള വായ്പ | 134 | 13.39 |
| 3. | മാർജിൻമണി പദ്ധതി പ്രകാരം സ്വയം തൊഴിലിനുള്ള വായ്പ | 208 | 95.39 |
| 4. | സഹകർണ സംഘങ്ങൾക്കുള്ള വായ്പ് | 3 | 8.01 |
| 5. | ഭവന നിർമ്മാണത്തിനുള്ള വായ്പ | 10,422 | 150.55 |
| | ആകെ | 16,201 | 326.53 |

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷന്റെ വീടു നിർമ്മിക്കാനുള്ള ലോൺ

347. [531] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷൻ വഴി ഹരിജനങ്ങൾക്ക് വീട് നിർമ്മിക്കുവാൻ ഇപ്പോൾ നൽകുന്ന ലോൺ തുക 10,000 രൂപയായി ഉയർത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നു മുതൽ പ്രാബല്യത്തിൽ വരും ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വീട വയ്ക്കുന്നതിന് ഹരിജന വികസനകോർപ്പറേഷന്റെ ധനസഹായം

348. [532] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മിഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1985-86-ൽ ഹരിജൻ വികസന കോർപ്പറേഷൻ വഴി എത്ര പേർക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം നൽകി ;

(ബി) ഇതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമി വാങ്ങുന്നതിന് 434 പേർക്ക് വീട് വയ്ക്കുന്നതിന് 10422 പേർക്ക് ധനസഹായം നൽകി.

(ബി) വിവരം ശേഖരിച്ചു വരുന്നു.

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly